REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 26-08-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ ഉത്പാദനം ഇന്ത്യയുടെ ഹരിതോർജ്ജ മേഖലയ്ക്ക് വൻ ഉത്തേജനം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **നാവികസേനയുടെ ഇടത്തരം യുദ്ധ കപ്പലുകളായ ഉദയഗിരിയും, ഹിമഗിരിയും ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും.**
- **വാദം പൂർത്തിയായ ശേഷവും വിധിന്യായങ്ങൾ പ്രഖ്യാപിക്കുന്നതിൽ ഹൈക്കോടതികൾ വരുത്തുന്ന കാലതാമസത്തിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി.**
- **ഗ്രാമീണ, നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഓണസമ്മാനം 1200 രൂപയായി വർധിപ്പിച്ചു.**
- **കൺസ്യൂമർഫെഡ് ഓണച്ചന്തകൾ വൈകിട്ട് തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര ആരംഭിച്ചു.**

## വാർത്തകൾ വിശദമായി

അഹമ്മദാബാദിലെ ഹൻസാൽപ്പൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ ഉത്പാദനം ഇന്ത്യയുടെ ബാറ്ററി ആവാസ വ്യവസ്ഥയ്ക്ക് വലിയ ഉത്തേജനം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാജ്യത്തിന്റെ സ്വാശ്രയ അന്വേഷണത്തിനും ഹരിതോർജ്ജത്തിന്റെ കേന്ദ്രമായി

രാജ്യം മാറുന്നതിനും ഉത്പാദനം സഹായകരമാകുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

സ്വയം പര്യാപ്ത ഭാരതമെന്ന അന്വേഷണത്തിൽ ഹരിത ഊർജ്ജ കേന്ദ്രസ്ഥാനമായി രാജ്യം മാറുന്ന സുദിനം കൂടിയാണിതെന്നും സുസുകി - E വിറ്റാര വൈദ്യുതി വാഹനങ്ങളുടെ കയറ്റുമതി ഫ്ലാഗ് ഓഫ് ചെയ്ത പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. യൂറോപ്പും ജപ്പാനും ഉൾപ്പെടെ നൂറിലേറെ രാജ്യങ്ങളിലേക്കാണ് വാഹനങ്ങൾ കയറ്റുമതി ചെയ്യുന്നത്.

✪✪✪

നാവികസേനയുടെ ഇടത്തരം യുദ്ധ കപ്പലുകളായ ഉദയഗിരിയും, ഹിമഗിരിയും ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ചടങ്ങിൽ അധ്യക്ഷനായിരിക്കും. ഇന്ത്യയുടെ കിഴക്കൻ തീരമേഖലയുടെ പ്രധാന്യം കണക്കിലെടുത്താണ് പുതിയ കപ്പലുകൾ കമ്മീഷൻ ചെയ്യുന്നത്. യുദ്ധക്കപ്പൽ നിർമ്മാണത്തിലും രൂപകൽപനയിലും സ്വയംപര്യാപ്തത കൈവരിക്കുമെന്ന രാജ്യത്തിന്റെ തീരുമാനം പ്രതിഫലിക്കുന്നതാണ് നാവികസേനയുടെ ആക്രമണ സജ്ജത ശക്തമാക്കുന്ന ഇരുകപ്പലുകളുമെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിന് അടുത്തമാസം രണ്ടിന് തമിഴ്നാട്ടിലെത്തും. മൂന്നാം തിയതി തിരുവാരൂർ ജില്ലയിലെ കേന്ദ്ര സർവകലാശാലയിലെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

മൂന്ന് സേനകളുടേയും സംയുക്ത സംവാദ പരിപാടിയായ രൺ സംവാദ് 2025 സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ മധ്യപ്രദേശിലെ ഡോ. അംബേദ്കർ നഗറിലെ ആർമി വാർ കോളജിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. നാളത്തെ സമാപന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും പങ്കെടുക്കും.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെയും ഗോത്രവർഗ്ഗ നേതാവ് ബിർസ മുണ്ടയുടെയും 150-ാം ജന്മവാർഷികവും, അടൽ ബിഹാരി വാജ്പേയിയുടെ ജന്മശതാബ്ദിയും ആഘോഷിക്കുന്നതിന് മൂന്ന് ഉന്നതതല സമിതികൾക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് മൂന്ന് സമിതികളുടെയും അധ്യക്ഷൻ.

✪✪✪

ബിഹാറിൽ വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണം പ്രകാരം ഇതുവരെ 99.11 ശതമാനം വോട്ടർമാരിൽ നിന്ന് രേഖകൾ ലഭിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അവകാശവാദം,ആക്ഷേപങ്ങൾ, രേഖകൾ എന്നിവ അടുത്ത മാസം ഒന്നു വരെ സമർപ്പിക്കാം. 0.89 ശതമാനം വോട്ടർമാർ മാത്രമേ ഇനി രേഖകൾ സമർപ്പി ക്കാനുള്ളൂവെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

വാദം പൂർത്തിയായ ശേഷവും വിധിന്യായങ്ങൾ പ്രഖ്യാപിക്കുന്നതിൽ ഹൈക്കോടതികൾ വരുത്തുന്ന കാലതാമസത്തിൽ സുപ്രീംകോടതി ആശങ്ക പ്രകടിപ്പിച്ചു. അത്തരം സാഹചര്യങ്ങൾ കോടതികളുടെ നടപടിക്രമങ്ങളിൽ വ്യവഹാരക്കാരുടെ വിശ്വാസം ഇല്ലാതാക്കുമെന്ന് ജസ്റ്റിസുമാരായ സഞ്ജയ്കരോൾ, പ്രശാന്ത് കുമാർ മിശ്ര എന്നിവരടങ്ങിയ ബഞ്ച് വ്യക്തമാക്കി. മാറ്റി വെച്ചതിന് ശേഷം മൂന്ന് മാസത്തിനകം വിധി പുറപ്പെടുവിപ്പിച്ചില്ലെങ്കിൽ രജിസ്ട്രാർ ജനറൽ, കേസ് ഹൈക്കോടതി ചീഫ് ജസ്റ്റിസിന് മുന്നിൽ വെക്കണമെന്നും രണ്ടാഴ്ചക്കകം ബന്ധപ്പെട്ട ബെഞ്ചിനോട് വിധി പറയാൻ ആവശ്യപ്പെടുമെന്നും സുപ്രീം കോടതി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ കൺസ്യൂമർഫെഡ് ഓണച്ചന്തകൾ വൈകിട്ട് തിരുവനന്തപുരം സ്റ്റാച്യൂവിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഇന്നു മുതൽ സെപ്റ്റംബർ നാലു വരെ ജില്ലാതലത്തിൽ 16 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും, 154 സഹകരണ സംഘങ്ങളിലുമായി കൺസ്യൂമർ ഫെഡ് 170 കേന്ദ്രങ്ങളിലാണ് ഓണച്ചന്തകൾ ആരംഭിക്കുന്നത്. അരി, പഞ്ചസാര, ഉഴുന്ന്, പയർവർഗ്ഗങ്ങൾ, കടല, വെളിച്ചെണ്ണ എന്നിവയടക്കം 13 നിത്യോപയാഗ സാധനങ്ങൾ വിലക്കിഴിവിൽ ഓണച്ചന്തകളിൽ ലഭ്യമാക്കും.

✪✪✪

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലെ വിളവെടുപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ സെക്രട്ടേറിയറ്റ് അങ്കണത്തിൽ ഉദ്ഘാടനം ചെയ്യും. ഓണക്കാലത്ത് വീട്ടുവളപ്പിൽ വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനാണ് സംസ്ഥാനവ്യാപകമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ആരംഭിച്ചത്.

✪✪✪

ഗ്രാമീണ, നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഓണസമ്മാനം 1200 രൂപയായി വർധിച്ചിച്ചു. കഴിഞ്ഞ വർഷം 1000 രൂപയായിരുന്നു ഓണസമ്മാനമെന്ന് മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. 5,25,991 തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കും.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ഓണ സമ്മാന വിതരണത്തിന് 51 കോടി 96 ലക്ഷം രൂപ അനുവദിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 100 പ്രവർത്തിദിനം പൂർത്തിയാക്കിയ 5,19,623 പേർക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസമെങ്കിലും തൊഴിലെടുത്ത 6,368 തൊഴിലാളികൾക്കും ബത്ത ലഭിക്കും. ഇതിന് 63 ലക്ഷത്തി 68,000 രൂപ അനുവദിച്ചു.

✪✪✪

സംസ്ഥാനത്ത് GSTയിൽ ഇടനിലക്കാരെ വച്ച് ഗവൺമെന്റ് വൻ തോതിൽ അഴിമതിക്ക് ഇടനൽകുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. സംസ്ഥാന ഖജനാവിൽ ലഭിക്കേണ്ട കോടിക്കണക്കിന് രൂപ അഴിമതിയിലൂടെ നഷ്ടമാവുകയാണ്. കേരളത്തിലെ CPIM നേതാക്കന്മാർക്ക് കളങ്കിത വ്യക്തികളുമായി ബന്ധമുണ്ടെന്ന തെളിവാണ് ഈയിടെ കത്തുവിവാദത്തിലൂടെ പുറത്തുവന്നതെന്നും ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം വേണമെന്നും സതീശൻ കോഴിക്കോട്ട് ആവശ്യപ്പെട്ടു.

രാഹുൽ മാങ്കൂട്ടത്തിൽ വിഷയം ഇനി അടഞ്ഞ അധ്യായമാണെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. പാർട്ടി സംഘടനാ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. തീരുമാനത്തിന് വിവിധ കോണുകളിൽ നിന്നും പിന്തുണ ലഭിക്കുന്നുണ്ടെന്നും സതീശൻ മാദ്ധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പൂവിളിയും പൊന്നോണത്തിന്റെ ഗൃഹാതുര സ്മരണയുമായി ഇന്ന് അത്തം. ഓണപ്പൂക്കൾ തേടി പൂക്കൂടയുമായി പാടത്തും പറമ്പിലും പോകുന്ന ബാല്യങ്ങളെ നഷ്ടമായെങ്കിലും വീട്ടുമുറ്റത്ത് പൂക്കളമിട്ട് മലയാളികൾ ഓണത്തെ സ്വാഗതം ചെയ്തു. പത്താം നാളിലെ തിരുവോണത്തിനായി നാടും നഗരവും ഒരുക്കങ്ങൾ മുമ്പേ തുടങ്ങിയിരുന്നു. മറുനാട്ടിൽ നിന്ന് ഓണപ്പൂക്കൾ വിപണിയിൽ നിറഞ്ഞു കഴിഞ്ഞു.

✪✪✪

ഓണാഘോഷത്തിന് നാന്ദികുറിച്ച് തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര ആരംഭിച്ചു. മന്ത്രി MB രാജേഷ് ഘോഷയാത്ര ഉദ്ഘാടനം ചെയ്തു. മന്ത്രി P രാജീവ് തുടർന്ന് അത്തപതാക ഉയർത്തി. ഘോഷയാത്ര നടൻ ജയറാം ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ എറണാകുളം, ഇടുക്കി, തൃശൂർ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത്, ആരോഗ്യം - ആനന്ദം, അകറ്റാം അർബുദം ജനകീയ ക്യാൻസർ പ്രതിരോധ ക്യാമ്പയിനിൽ ഇതുവരെ 18 ലക്ഷത്തോളം ആളുകൾ പരിശോധനയ്ക്ക് വിധേയമായതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. ക്യാമ്പയിനിൽ പങ്കെടുത്ത 355 പേർക്ക് ക്യാൻസർ കണ്ടെത്തി ചികിത്സ ആരംഭിച്ചതായും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ഇതിൽ 283 പേർ ക്യാൻസറിന്റെ ആരംഭഘട്ടത്തിലാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ പരിശോധനാ സൗകര്യമുണ്ടെന്നും ആളുകൾ ഇത് പ്രയോജനപ്പെടുത്തണമെന്നും വീണാജോർജ്ജ് നിർദേശിച്ചു.

✪✪✪

പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തി ലാഭത്തിലാക്കേണ്ടത് നാടിന്റെ പൊതു ഘടനയ്ക്ക് അത്യാവശ്യമാണെന്ന് മന്ത്രി P രാജീവ്. ഗവൺമെന്റ് സഹായങ്ങൾ ലഭിക്കുന്നതിനപ്പുറം സ്വയം മുന്നേറാനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിയണമെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിൽ കഴിയുന്ന മൂന്ന് മാസം പ്രായമായ കുട്ടിയുടെ ആരോഗ്യ നിലയിൽ മാറ്റമില്ല. കുട്ടി തീവ്രപരിചരണ വിഭാഗത്തിൽ തുടരുകയാണ്. അതേ സമയം എഴ് വയസ്സുകാരന്റെയും 11 കാരിയുടെയും ആരോഗ്യ നില തൃപ്തികരമാണ്. നിലവിൽ. മലപ്പുറം സ്വദേശികളായ 3 പേരും കോഴിക്കോട് സ്വദേശികളായ 3 പേരും വയനാട് സ്വദേശികളായ രണ്ട് പേരുമാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുന്നത്.

✪✪✪

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ടോൾ പിരിവ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ദേശീയ പാതാ അതോറിറ്റി നൽകിയ ഹർജി ഹൈക്കോടതി തള്ളി. സെപ്തംബർ ഒമ്പത് വരെ ടോൾ പിരിവ് പാടില്ലെന്ന് കോടതി നിർദേശിച്ചു. മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് കോടതി ഉത്തരവ്. സെപ്തംബർ ഒമ്പതിന് കേസ് വീണ്ടും പരിഗണിക്കും.

✪✪✪

കൊച്ചിയിലെ സതേൺ നേവൽ കമാൻഡിൽ നാളെയും മറ്റന്നാളും നാവികസേന 'ഇന്ത്യൻ ഓഷ്യൻ നേവൽ സിമ്പോസിയത്തിന്റെ ഭാഗമായി 'എമർജിംഗ് ലീഡേഴ്സ് പാനൽ ചർച്ച' നടത്തും. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സമുദ്ര സുരക്ഷയെയും പ്രാദേശിക സഹകരണത്തെയും സംബന്ധിച്ച ചർച്ചകൾ രണ്ട് ദിവസത്തെ പരിപാടിയിൽ ഉണ്ടായിരിക്കുമെന്ന് രാജ്യരക്ഷാ  മന്ത്രാലയം അറിയിച്ചു. 18 IONS രാജ്യങ്ങളിൽ നിന്നുള്ള യുവ നാവിക ഉദ്യോഗസ്ഥർ  പങ്കെടുക്കും.

✪✪✪

കോഴിക്കോട് ജില്ല കോൺഗ്രസ് കമ്മറ്റിയുടെ ത്രിവർണോത്സവത്തിന്റ ഭാഗമായി 'കോഴിക്കോട് അറ്റ് 2040' ചർച്ച പ്രതിപക്ഷ നേതാവ്  VD സതീശൻ ഉദ്ഘാടനം ചെയ്തു. കോഴിക്കോടിന്റെ പൈതൃകത്തിന് ലോകത്തിന് മുന്നിൽ വലിയ സ്ഥാനമുണ്ടന്ന് അദ്ദേഹം പറഞ്ഞു. MK. രാഘവൻ MP, കൈതപ്രം ദാമോദരൻ നമ്പുതിരി , വി എം വിനു തുടങ്ങിയവർ സംബന്ധിച്ചു.

✪✪✪

ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ സംസ്ഥാനമായി കേരളത്തെ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ജനങ്ങളെ കബളിപ്പിക്കുന്ന വ്യാജ പ്രചരണമാണെന്ന് കോൺഗ്രസ് നേതാവ് ചെറിയാൻ ഫിലിപ്പ് അഭിപ്രായപ്പെട്ടു.

ഇന്റർനെറ്റ് കണക്ടീവിറ്റിയിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സിംഗപ്പൂർ പോലും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ചതായി അവകാശപെട്ടിട്ടില്ല. ദേശീയ ഡിജിറ്റൽ സാക്ഷരതാ മിഷൻ ഇന്ത്യയിലെ ഒരു സംസ്ഥാനവും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയതായി പ്രഖ്യാപിച്ചിട്ടില്ലെന്നും ചെറിയാൻ ഫിലിപ്പ് തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

*News Editor & Reader  : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*